വിഴിഞ്ഞം പദ്ധതി

3(*153) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ആനുകൂല്യം എത്രയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഫണ്ട് ലഭിക്കുന്നതിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ ഏതു തരത്തിലുള്ള പങ്കാളിത്തമാണ് ഉണ്ടാവുകയെന്ന് വിശദമാക്കുമോ ;

(ഡി) വിഴിഞ്ഞം പദ്ധതിക്കെതിരെ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട വികസനത്തിന് ഇപ്പോൾ കണക്കാക്കിയിട്ടുള്ള Public Private Partnership (PPP) വിഹിതമായ 4044 കോടിയുടെ 20 ശതമാനം വരെ (809 കോടി രൂപ) കേന്ദ്ര സർക്കാരിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സഹായം ലഭിക്കാൻ കേന്ദ്രത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങൾ അനുസരിച്ച് അർഹതയുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള Guidelines for Financial Support to Public Private Partnership Project in Infrastructure (വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്) ആണ് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം (അനുബന്ധമായി ചേർത്തിരിക്കുന്നു)*

(സി) വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന കൺസഷനയർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ പദ്ധതിയിലുള്ള പങ്കാളിത്തം. തുറമുഖം പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലായിരിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്ക് എതിരെ ചെന്നൈ ബഞ്ചിൽ രണ്ട് ഹർജികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഹരിത ട്രൈബ്യൂണലിന്റെ ഡൽഹി ബഞ്ചിൽ വിഴിഞ്ഞം പദ്ധതിക്കും പാരിസ്ഥിതികാനുമതിക്ക് എതിരെയും 2011-ലെ CRZ നിയമം ചോദ്യം ചെയ്തുകൊണ്ടും ഓരോ ഹർജികൾ വീതം നൽകിയിട്ടുണ്ട്. ഇതിനെതിരെ നിയമപരമായ നടപടികൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയും സംസ്ഥാന സർക്കാരും സ്വീകരിച്ചു വരുന്നു. കേസ് ഇപ്പോൾ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഇവർക്ക് പിന്നിൽ ഏതെങ്കിലും ശക്തികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അന്വേഷണം നടത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശ്രീ. എ. റ്റി. ജോർജ്</u> : സർ, വിഴിഞ്ഞം തുറമുഖം ലോകനിലവാരത്തിൽ നിർമ്മിക്കുന്നതിനായി ഈ സർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് സൂചിപ്പിക്കാമോ ; ലോകത്തിലെ ഏറ്റവും വലിപ്പമുള്ള കപ്പലുകൾ ഈ തുറമുഖത്ത് ഉപയോഗിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; അതുപോലെ വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിന് സാമ്പത്തികം അത്യാവശ്യമാണ്. അത് അങ്ങയുടെ മറുപടിയിൽത്തന്നെ പറഞ്ഞിരിക്കുന്നു, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് സഹായത്തിന് നമുക്കർഹതയുണ്ട്. ആ ഫണ്ട് വിഴിഞ്ഞം പദ്ധതിക്കുവേണ്ടി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ശ്രീ. കെ. ബാബു</u> : സർ, വിഴിഞ്ഞം പദ്ധതിയുടെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗുമായി ബന്ധപ്പെട്ട ചർച്ചകൾ അവസാന ഘട്ടത്തിലാണ്. ഇന്ന് അതിന്റെ അവസാന റൗണ്ട് ചർച്ച ഡൽഹിയിൽവച്ച് നടക്കുകയാണ്. ചീഫ് സെക്രട്ടറിയും തുറമുഖ വകുപ്പ് സെക്രട്ടറിയും വിഴിഞ്ഞം കമ്പനിയുടെ എം.ഡി.-യും ഡൽഹിയിൽ ചർച്ചയ്ക്കുവേണ്ടി പോയിട്ടുണ്ട്. ലോകനിലവാരത്തിലുള്ള ഒന്നാക്കി വിഴിഞ്ഞം തുറമുഖത്തെ മാറ്റാൻ വേണ്ടി ഈ ഗവൺമെന്റ് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 9000 TU കപ്പൽ വരുന്നതിനുള്ള കപ്പാസിറ്റിയാണ് നേരത്തെ വിഭാവനം ചെയ്തിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 18000 TU കപ്പാസിറ്റിയാക്കി ഉയർത്തിയിട്ടുണ്ട്. ബർത്തിന്റെ നീളം 650 മീറ്ററിൽനിന്ന് 800 മീറ്ററായും അതുപോലെ കടൽ നിരപ്പാക്കി എടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി 26 ഹെക്ടറിൽനിന്ന് 56 ഹെക്ടറായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവിടെ ഇപ്പോൾ 21000 TU കപ്പൽ വരാൻ പോകുകയാണ്. അതുകൂടി ഉൾക്കൊള്ളത്തക്ക വിധത്തിലാണ് ഈ തുറമുഖം റീ-ഡിസൈൻ ചെയ്തിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly